പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1269 — 01.07.2015 ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എൻ. എ. ഖാദർ:** | | **ശ്രീ. അനൂപ് ജേക്കബ്** (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ നൽകുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ | (എ) & (ബി) | കേന്ദ്രത്തിൽ നിന്നും സബ്സിഡി നിരക്കിൽ ലഭ്യമാകുന്ന പി.ഡി.എസ് മണ്ണെണ്ണ മത്സ്യബന്ധന മേഖലയിൽ ഉപയോഗിക്കാൻ പാടില്ല എന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എങ്കിലും 2525 കി.ലി പി.ഡി.എസ് മണ്ണെണ്ണ മത്സ്യബന്ധന മേഖലയിൽ വിതരണം ചെയ്തു വരുന്നു. ആയതിനാൽ സംസ്ഥാനത്തിന് ലഭ്യമാകുന്ന വിഹിതത്തിൽ കുറവു വരുത്തിയിട്ടുണ്ട്. എങ്കിലും മത്സ്യബന്ധന മേഖലയ്ക്ക് അനുവദിച്ചു വരുന്ന മണ്ണെണ്ണയുടെ അളവിൽ കുറവു വരുത്തിയിട്ടില്ല. |
| (ബി) | എങ്കിൽ ഈ നടപടി മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഇവർക്കുള്ള മണ്ണെണ്ണ വിതരണം തടസ്സമില്ലാതെ തുടരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) | മത്സ്യബന്ധന മേഖലയ്ക്ക് നൽകിവരുന്ന സബ്സിഡി മണ്ണെണ്ണ തുടർന്നും നൽകുവാൻ അനുവദിക്കണമെന്നും നിലവിലെ വിഹിതം തുടരണമെന്നും ആവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിയ്ക്കും കേന്ദ്ര പെട്രോളിയം മന്ത്രിയ്ക്കും കത്തയയ്ക്കുകയും ആയത് എം.പിമാരുടെ ശ്രദ്ധയിൽപെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്രത്തിൽ നിന്നും വെള്ള മണ്ണെണ്ണ വാങ്ങി സബ്സിഡി നിരക്കിൽ മത്സ്യഫെഡ് വഴി വിതരണം ചെയ്യുവാനുള്ള നടപടികൾ മത്സ്യബന്ധനവകുപ്പിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ